**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2993** **13-10-2021 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളുടെ സംരംഭകത്വശേഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങൾ തൊഴിൽ ദാതാക്കളാകണം എന്ന കാഴ്ചപ്പാടോടെ യുവജനങ്ങളുടെ സംരംഭകത്വശേഷിയെ പരമാവധി ഉപയോഗപ്പെടുത്തി സമ്പദ്‌വ്യവസ്ഥയ്ക്ക് അനുയോജ്യമായ തൊഴിൽ സംസ്കാരം രൂപപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | യുവജന കൂട്ടായ്മകൾ രൂപപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022-23 വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ എൽ.ഇ.ഡി ബൾബ് നിർമ്മാണം, ഡെലിവറി മൈക്രോ സംരംഭങ്ങൾ, ഹാർബർ സെക്യൂരിറ്റി സർവ്വീസ്, വേസ്റ്റ് മാനേജ്മെന്റ് എന്നീ പദ്ധതികൾ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങളെ തൊഴിൽ ദാതാക്കളാക്കുന്നതിനും സമ്പദ് വ്യവസ്ഥയ്ക്ക് അനുയോജ്യമായ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിലേയ്ക്കുമായി 'വിർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി കെൽട്രോൺ മുഖേന ജോബ് പോർട്ടൽ എന്ന പേരിൽ തൊഴിൽ ദാതാക്കൾക്കും തൊഴിലന്വേഷകർക്കും ടി പോർട്ടൽ വഴി രജിസ്റ്റർ ചെയ്യുന്നതിനും സംവിധാനമൊരുക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി ജോബ് ഫെസ്റ്റ് വിപുലമായ രീതിയിൽ, പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു വരുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ നൂതന വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ എത്തുന്ന യുവസംരംഭകർക്ക് വേണ്ടി വ്യവസായ വാണിജ്യ വകുപ്പ് മുഖേന ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും എറണാകുളം കളമശ്ശേരിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻടപ്രണർഷിപ്പ് ഡെവലപ്മെന്റിന്റെ (കീഡ്) നേതൃത്വത്തിലും സംരംഭകത്വത്തിന്റെ വിവിധ മേഖലകൾ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. കെ. എസ്. ഐ.ഡി.സി. പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം), "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഈ സർക്കാർ |

| | | | |
|---|---|---|---|
| | | | അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിനു 2021-22 വർഷത്തിലേയ്ക്കായി Innovation Acceleration Scheme ൽ ഉൾപ്പെടുത്തി നൂതന സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 1,100 ലക്ഷം രൂപ ചെലവിടാൻ കെ.എസ്.ഐ.ഡി.സി ക്ക് അനുവാദം നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയിലൂടെയും യുവ സംരംഭകർക്ക് പ്രോൽസാഹനവും സഹായവും അനുവദിക്കുന്നുണ്ട്. |
| (ബി) | സംരംഭകരാകാൻ താൽപര്യമുള്ള യുവജനങ്ങൾക്ക് വേണ്ട പരിശീലനവും സഹായവും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | യുവജന കൂട്ടായ്മകൾ രൂപപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022-23 വർഷത്തെ പ്ലാൻ പ്രൊപ്പോസലിൽ എൽ.ഇ.ഡി ബൾബ് നിർമ്മാണം, ഡെലിവറി മൈക്രോ സംരംഭങ്ങൾ, ഹാർബർ സെക്യൂരിറ്റി സർവ്വീസ്, വേസ്റ്റ് മാനേജ്മെന്റ് എന്നീ പദ്ധതികൾ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാന യുവജന കമ്മീഷൻ യുവജനങ്ങളെ തൊഴിൽ ദാതാക്കളാക്കുന്നതിനും സമ്പദ് വ്യവസ്ഥയ്ക്ക് അനുയോജ്യമായ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിലേയ്ക്കുമായി 'വിർചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി കെൽട്രോൺ മുഖേന ജോബ് പോർട്ടൽ എന്ന പേരിൽ തൊഴിൽ ദാതാക്കൾക്കും തൊഴിലന്വേഷകർക്കും ടി പോർട്ടൽ വഴി രജിസ്റ്റർ ചെയ്യുന്നതിനും സംവിധാനമൊരുക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി ജോബ് ഫെസ്റ്റ് വിപുലമായ രീതിയിൽ, പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചു വരുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിൽ നൂതന വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ എത്തുന്ന യുവസംരംഭകർക്ക് വേണ്ടി വ്യവസായ വാണിജ്യ വകുപ്പ് മുഖേന ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും എറണാകുളം കളമശ്ശേരിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻടപ്രണർഷിപ്പ് ഡെവലപ്മെന്റിന്റെ (കീഡ്) നേതൃത്വത്തിലും സംരംഭകത്വത്തിന്റെ വിവിധ മേഖലകൾ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്. കെ. എസ്. ഐ.ഡി.സി. പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം), |

| | | | |
|---|---|---|---|
| | | | "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ മേഖലയിൽ യുവജനങ്ങളെ സഹായിക്കുന്നതിനു 2021-22 വർഷത്തിലേയ്ക്കായി Innovation Acceleration Scheme ൽ ഉൾപ്പെടുത്തി നൂതന സംരംഭങ്ങൾ ആവിഷ്കരിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റിൽ 1,100 ലക്ഷം രൂപ ചെലവിടാൻ കെ.എസ്.ഐ.ഡി.സി ക്ക് അനുവാദം നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയിലൂടെയും യുവ സംരംഭകർക്ക് പ്രോൽസാഹനവും സഹായവും അനുവദിക്കുന്നുണ്ട്. |
| (സി) | പച്ചക്കറികൃഷി, മൽസ്യകൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ താൽപ്പര്യമുള്ള യുവസംരംഭകരെ കണ്ടെത്തുന്നതിന് സർക്കാർ യൂത്ത് സർവ്വേ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 50 ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി പുതുതായി രൂപീകരിക്കുകയും നിലവിലുള്ള 50 കർഷക ഉത്പാദന സംഘടനകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇതിൽ യുവാക്കൾക്ക് ഭാഗമാകാവുന്നതാണ്. കൂടാതെ സംരംഭക പ്രോത്സാഹനത്തിനായും യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനായും, കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഭരണ സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നു. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ രൂപീകരിക്കൽ എന്നിവ നടപ്പിലാക്കുന്നു. മത്സ്യകൃഷിയിൽ താല്പര്യമുള്ള യുവസംരംഭകരെ കണ്ടെത്തുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന യൂത്ത് സർവ്വേ സംഘടിപ്പിച്ചിട്ടില്ല. എന്നാൽ നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന പൊതുജലാശയങ്ങൾ കണ്ടെത്തി യുവസംരംഭകരുടെ നേതൃത്വത്തിൽ ശുദ്ധീകരിച്ച് മത്സ്യകൃഷിയ്ക്കായി ഉപയുക്തമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിൽ താല്പര്യമുള്ള |

| | | | |
|---|---|---|---|
| | | | യുവസംരംഭകരെ കണ്ടെത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നും യൂത്ത് സർവ്വേ സംഘടിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ